റ്റി.എ(2)20616/2019

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി: 25.03.2021

# സർക്കുലർ

വിഷയം: -ഡാറ്റ ബാങ്ക്-പരിവർത്തനാനുമതി നൽകുന്ന ഭൂമിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നത് സംബന്ധിച്ച്

സൂചന:- 18.11.2020-ലെ സർക്കാർ കത്ത് നമ്പർ.274/എൻ. സി. എ. 2/2019/ കൃഷി

കേരള സംസ്ഥാനത്തെ കാർഷിക രംഗത്തെ വളർച്ച പ്രോഹത്സാഹിപ്പിക്കുന്നതിനായി പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പ് വരുത്തുന്നതിനു വേണ്ടി നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും പരിവർത്തനപ്പെടുത്തുന്നതിനും വേണ്ടി സർക്കാർ പുറപ്പെടുവിച്ച കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ അന്തസത്ത ഉൾക്കൊള്ളാതെ വ്യാപകമായി അനധികൃത നെൽവയൽ പരിവർത്തനം നടത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ഇതു തടയുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് (7) പ്രകാരം ഓരോ കൃഷിഭവന്റെ അധികാരപരിധിയിൽപ്പെട്ട പ്രദേശത്തെ അനധികൃത നെൽവയൽ പരിവർത്തനം റവന്യൂ അധികാരികൾക്കും റിപ്പോർട്ട് ചെയ്യേണ്ട പൂർണ്ണ ഉത്തരവാദിത്വം അതാത് കൃഷിഓഫീസറിൽ നിക്ഷിപ്തമാണ്.

2) ഓരോ കൃഷിഓഫീസറും കൈവശമുള്ള ഡാറ്റാബാങ്കിൽ സൂചിപ്പിച്ച നെൽവയലുകളുടെമൊത്തം വിസ്തൃതിയും വിശദാംശവും, പരിവർത്തനാനുമതി നൽകിയ ഭൂമിയുടെ വിസ്തൃതി, അനധികൃത പരിവർത്തനം റവന്യൂ അധികാരികൾക്ക് റിപ്പോർട്ട് ചെയ്യുതും അവ പൂർവ്വസ്ഥിതിയിലാക്കാത്ത തിന്റെ രേഖകൾ ഓരോ കൃഷിഭവനുകളിലുള്ള രജിസ്റ്ററിലും , ഡിജിറ്റലൈസ് ചെയ്യും സൂക്ഷിക്കേണ്ടതാണ്.

3) പ്രസ്തുത രജിസ്റ്ററുകൾ അതാതു പ്രിൻസിപ്പൽ കൃഷി ഓഫിസർമാർ കൃത്യമായി പരിശോധിച്ച വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല നടപടി കൈക്കൊള്ളേണ്ടതാണ് .

4) വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ പ്രിൻസിപ്പൽ കൃഷി ഓഫിസർമാർ നടപടി കൈക്കൊള്ളേണ്ടതും ഇത് സംബന്ധിച്ച് മൂന്നു മാസം കൂടുമ്പോൾ പുരോഗതി റിപ്പോർട്ട് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്

(ഒപ്പ്)

കൃഷി അഡീഷണൽ ഡയറക്ടർ (സി.പി)

**കൃഷിഡയറക്ടർക്കുവേണ്ടി**

SAJEEV GOPIKRISHNA
Joint Director of Agriculture (WM)
Directorate of Agriculture Development and Farmers' Welfare Department
Vikas Bhavan, Thiruvananthapuram - 33

സ്വീകർത്താവ്:
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും

പകർപ്പ്:
എല്ലാ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും
എല്ലാ കൃഷി ഓഫീസർമാർക്കും